# ഈ
# മരത്തണലിൽ



T H S PUTHENCHIRA


അതിജീവനത്തിന്റെ
പാതയിൽ കേരളം
മുന്നേറുമ്പോൾ
നമ്മുക്കൊരുമിച്ച്
കൈകോർക്കാം

# ആശംസ

ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ
സ്കൂളിലെ മുഴുവൻ കുട്ടികളെയും
പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഡിജിൽ
മാഗസിൽ ഇറങ്ങുന്നു എന്നറിഞ്ഞതിൽ
അഭിമാനവും സന്തോഷവും തോന്നുന്നു.
കുട്ടികളുടെ സർഗാത്മക കഴിവുകളും
സങ്കേതികവിദ്യയും സമന്വയിപ്പിക്കുന്ന
ഈ സംരംഭത്തിന് എല്ലാവിധ
ആശംസകളും നേരുന്നു.

സ്നേഹപൂർവം
കെ. കെ. ബിന്ദു
(ഹെഡ്മിസ്ട്രസ്സ്)

# ഉള്ളടക്കം


| കൃതി | Page No: |
|---|---|
| കേരളം | |
| മായുന്ന ഹരിതം | |
| പ്രകൃതിയും വികസനവും | |
| വിടവ് | |
| മാലിന്യ കേരളം | |
| ലഹരി വസ്തുക്കളുടെ ഉപയോഗവും മനുഷ്യന്റെ ആരോഗ്യവും | |
| INTERNET | |
| വേരിൽ പിറന്ന സൗഹൃദം | |
| നീയില്ലാ നേരം | |
| അയലത്തെ ദുരന്തം | |
| സൗഹൃദം | |
| ശ്രീ നാരായണ ഗുരു | |
| അപ്പുവിന്റെ കളിപ്പാട്ടം | |
| കൃഷിക്കാരനും മക്കളും | |
| നിൻ നിഴലായ് ഞാനും | |
| സന്ദേശം | |
| വിട്ട് പിരിയാത്ത സ്നേഹം | |
| ജീവിതം | |
| കണ്ണുനീർ | |
| ശൂന്യമായ പേപ്പർ | |

# കേരളം

ഹായ് കൂട്ടുകാരേ,ഞാനാണ് കേരളം .എന്നെ കുറിച്ച് പറയാൻ ഏറെ കാര്യങ്ങൾ ഉണ്ട്.എന്നാൽ ഞാൻ ചുരുക്കി പറയാം."ദൈവത്തിന്റെ സ്വന്തം നാട്"എന്നാണ് ഞാൻ അറിയപ്പെടുന്നത്.എന്നാൽ ഇന്ന് അങ്ങനെയല്ല മാറിപ്പോയിരിക്കുന്നു.രാഷ്ട്രീയവും, പീഡനവും ,മാലിന്യവും കൊണ്ട് നിറഞ്ഞിരിക്കുന്നു. ഞാൻ ആദ്യം വളരെ സന്തോഷവതിയായിരുന്നു. എന്നാൽ ഇന്ന് അങ്ങനെയല്ല.എന്റെ വിഷമം അറിഞ്ഞ ഇന്ദ്രദേവൻ കനിഞ്ഞ് മലയാളികളെ ഒറ്റക്കെട്ടാക്കാൻ ശ്രമിച്ചതായിരുന്നു ആ മഹാപ്രളയം.

അത് മൂലം മതമില്ല,ജാതിയില്ല എല്ലാവരും ഒരുമയോടെ ഒറ്റക്കെട്ടായി കേരളത്തെ അതായത് എന്നെയും ജനങ്ങളെയും രക്ഷിച്ചു.അത് കഴിഞ്ഞ് അഞ്ചാറ് മാസം കഴിഞ്ഞപ്പോൾ വീണ്ടും പഴയത് പോലെ.എനിക്ക് സംസാരിക്കാനോ നടക്കാനോ

കഴിവുണ്ടായിരുന്നെങ്കിൽ എന്റെ വേദനയും ദു:ഖവും നിങ്ങൾ അറിയുമായിരുന്നു.എന്നെ നിങ്ങൾ ഭരിക്കുമ്പോഴും എന്റെ പച്ചപ്പ് ഇല്ലാതാക്കുമ്പോഴും എന്ത് ചെയ്യണം എന്നറിയാതെ നിന്ന് കണ്ടിട്ടുണ്ട്. ഗതികെട്ട് അവസാനം ഞാൻ മരണപ്പെടും.ആ കാലം വരാതിരിക്കാൻ എന്നെ സ്നേഹിക്കുക,പരിചരിക്കുക,പൊന്ന് വിളയിക്കുക, ദുരിത സ്ഥിതിയുള്ളവരെ സഹായിക്കുക ,ഇത് മതി എനിക്ക് വർഷങ്ങളോളം അല്ല!നൂറ് കോടി വർഷങ്ങൾ അധികം ജീവിക്കാൻ വരും തലമുറകളോട് പറയുക എന്റെ ശരീരത്തിൽ മണ്ണ് കിളച്ച് പൊന്ന് വിളയിച്ച് ആ പഴയ കേരളത്തെ ! എന്നെ കൊണ്ട് വരാൻ...

ഗോപിക.ബി.ടി

10.B

# മായുന്ന ഹരിതം

പച്ചപ്പ് നിറഞ്ഞ ഒരു മനോഹര നാടാണ് കേരളം. കേരം തിങ്ങുന്ന നാട് എന്നിങ്ങനെ പലവിശേഷങ്ങളും നമ്മുടെ ഈ കേരള നാടിനുണ്ട്. എന്നാൽ ഈ വിശേഷണങ്ങൾക്ക് ഇക്കാലത്ത് പ്രസക്തി ഏറെ കുറവാണ്. വനങ്ങളും, നദികളും, കണ്ടൽകാടുകളും, വയലുകളും, അരുവികളും, വ്യത്യസ്ത തരത്തിലുള്ള പക്ഷി മൃഗാദികളും ധാരാളമായി കാണപ്പെട്ടിരുന്ന ഒരു നാടായിരുന്നു കേരളം. എന്നാൽ ഇന്ന് ഇവയെല്ലാം പേരിനുമാത്രമായി അവശേഷിക്കുന്നു. ഇതിൽ പ്രധാന പങ്ക് സ്വാർത്ഥരായ മനുഷ്യർ തന്നെയാണ്. മനുഷ്യരുടെ ക്രൂരപ്രവർത്തനങ്ങൾ മൂലം ഇന്ന് ധാരാളം പക്ഷിമൃഗാദികളുടെ  വർഗം തന്നെ നശിച്ച് കഴിഞ്ഞിരിക്കുന്നു.

ഇന്ന് കേരളീയർക്ക് ഭക്ഷണ വസ്തുക്കൾ ലഭിക്കണമെങ്കിൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയിലായിരിക്കുന്നു. എന്നാൽ വിഷം തളിക്കാത്ത ഭക്ഷ്യവസ്തു  ഭക്ഷിക്കുക എന്നത് അസാധ്യമായിരിക്കുന്നു.

അഞ്ജലി. സി. ബി

**10.B**

# പ്രകൃതിയും വികസനവും

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ കുറെ ജനങ്ങൾ സന്തോഷത്തോടുകൂടി ജീവിക്കുകയായിരുന്നു. ആ ഗ്രാമം വളരെ സുന്ദരമാണ് അവിടെ നിറയെ മലകളും പുഴകളും അരുവികളും ഒക്കെയാണ്. ആ പുഴയിൽ നിന്നാണ് അവർ വെള്ളം എടുക്കാറുള്ളത് ആ പുഴയിലെ വെള്ളമാകട്ടെ വളരെ ശുദ്ധവുമാണ് ഒരു ദിവസം അവിടെക്ക് കുറെ ആളുകൾ വന്ന് പുഴയുടെ തീരതൊക്കെ ചെന്ന് അളന്നുനോക്കുകയും കുറ്റിയടിക്കുകയും ഒക്കെ ചെയ്തു പിന്നെ കുറച്ചു മാസങ്ങൾ കൊണ്ടുതന്നെ അവർ അവിടെ ഒരു ഫാക്ടറി നിർമിച്ചു. പതിയെ പതിയെ ആ ഗ്രാമത്തിലെ ജനങ്ങൾക്ക് അസുഖങ്ങൾ പിടിപെടാൻ തുടങ്ങി. അതിന്റെ കാരണം അറിയാൻ ആ ജനങ്ങൾ ശ്രമിച്ചുകൊണ്ടിരുന്നു. അപ്പോഴാണ് അവർക്ക് മനസിലായത് ആ ഫാക്ടറിയിൽ നിന്ന് വരുന്ന

മാലിന്യങ്ങൾ  മുഴുവനും അവർ ആ പുഴയിലേക്കാണ് ഒഴുക്കിവിടാറുള്ളത്. അതിൽ നിന്നുള്ള ജലം ഉപയോഗിക്കുകയും കുടിക്കുകയും ഒക്കെ ചെയ്തപ്പോഴാണ് അവർക്ക് അസുഖങ്ങൾ പിടിപ്പെട്ടത്. എന്ന് ആ ജനങ്ങൾക്ക് മനസ്സിലായി. പിന്നെ ആ ജലാശയത്തിലെ മത്സ്യങ്ങളും മറ്റ് ജീവജാലങ്ങളും ചത്തുപൊങ്ങി അപ്പോൾ അവിടെത്തെ മത്സ്യം പിടിച്ച് ജീവിക്കുന്നവർക്ക് അത് വലിയ ഒരു നഷ്ടമായി തീർന്നു. പിന്നീട് ആ ഗ്രാമത്തിലുള്ള ജനങ്ങൾ ആ ഫാക്ടറിക്കെതിരെ ശബ്ദമുയർത്തി പക്ഷെ അതൊന്നും ആ ഫാക്ടറി മുതലാളിമാർക്ക് ഒരു പ്രശ്നമായിരുന്നില്ല.ആ ഗ്രാമീണർ കുറെ പരിശ്രമിച്ചു പക്ഷെ ഒന്നും നടന്നില്ല.പിന്നീട് അവർ ഒരു കാര്യം തിരുമാനിച്ചു ഈ ഗ്രാമംവിട്ട് നമ്മുക്ക് പോകാമെന്ന് പക്ഷെ ചിലർ അത് സമ്മതിച്ചില്ല. അവർ പറഞ്ഞു നമ്മുക്ക് കളക്ടർക്ക് നിവേദനം അയക്കാമെന്ന് എല്ലാവരും ആ തീരുമാനം അംഗീകരിച്ചു. അവർ നിവേദനം

അയച്ചു കളക്ടർ ഫാക്ടറി പ്രവർത്തനം നിർത്തിവെപ്പിച്ചു. അതിനുശേഷം ജലം ശുദ്ധീകരിക്കാനുള്ള ഏർപ്പാടുകൾ ചെയ്തു. ആ ഗ്രാമത്തെ ഫാക്ടറിയിൽ നിന്നും സംരക്ഷിച്ചു. പിന്നീട് ആ ഫാക്ടറി പ്രവർത്തിച്ചിട്ടില്ല. പിന്നിട് ആ ജനങ്ങൾ സന്തോഷത്തോടു കൂടി ആ കൊച്ചു ഗ്രാമത്തിൽ ജീവിച്ചു. ഇതിലെ ഗുണപാഠം: വികസനങ്ങൾ ആവാം പക്ഷേ അത് പ്രകൃതിയെ നശിപ്പിക്കരുത്.

ദേവിക. പി. എസ്
8.A

# വിടവ്

അയൽപക്കപോയിട്ടെത്ര യുഗങ്ങളാന്നോ
വ്യോമമാർഗം
ഒരു മാർഗവുമില്ല അവിടേക്കെന്ന് പറന്നു ചെല്ലുവാൻ
എന്റെ ഗൂഗിൾ മാപ്പിൽ ഒരിടത്തുമില്ല
അവരുടെ വീടടയാളം
പരസ്പരം
മാപ്പ് നൽകാതിരുന്ന കാലം മുതൽ
ഏഴ് കടൽ ദൂരത്താൽ
മനസിന്റെ ഭൂപടത്തിൽ
ഇപ്പോൾ അക്കരെയിക്കരെ
രണ്ടു വീടുകൾ
നീണ്ട പാലങ്ങളുടെ വിടവുകൾ
പാലങ്ങളേക്കാൾ
നീണ്ടതാണെന്ന് ഭയപ്പെടുത്തുന്ന
അനന്തമായ പാലങ്ങൾ
കാലുകളെ പിറകോട്ട് കറക്കുന്ന
അങ്ങാടി പാട്ടുകൾ
അടുക്കളപാട്ടായി മുഴങ്ങിയപ്പോൾ
തകർന്നുപോയി
ബാക്കിയുണ്ടായിരുന്ന പാതയും തോട്ടും
ഒരു ദീർഘദൂര തീർത്ഥാടനം കഴിഞ്ഞു
മടങ്ങിയെത്തിയപ്പോൾ
അയല്പക്കത്ത് ആളില്ലാനേരം

ഒന്നെത്തിനോക്കുമ്പോൾ
അവരുടെ വീടിനുചുറ്റും പരന്നു കിടക്കുന്നു
എന്റെ നാവ് കറക്കി എറിഞ്ഞ
കറപുരണ്ട പല വാക്കുകൾ

സത്താർ സെയ്ദ്

(അധ്യാപകൻ)

# മാലിന്യ കേരളം

കേരളം ഒരുദിവസം പുറന്തള്ളുന്നത് ഉദ്ദേശം 10000 ടൺ മാലിന്യം.ഏതെങ്കിലും രീതിയിൽ സംസ്കരിക്കപ്പെടുന്നതു പരമാവധി 5000 ടൺ മാത്രം.ബാക്കി 5000 ടൺ മാലിന്യം കേരളത്തിലങ്ങോളംമിങ്ങോളം ചിതറിക്കിടക്കുന്നു.ഏതുനിമിഷവും പൊട്ടിപ്പുറപ്പെട്ടേക്കാവുന്ന പകർച്ചവ്യാധികളിലേക്കുള്ള തീകൊള്ളികളാണു നാം കവറിൽ കെട്ടി ഇങ്ങനെ വലിച്ചെറിയുന്നത്.കേരളം നേരിടുന്ന ഏറ്റവും ഗുരുതരപ്രതിസന്ധി മാലിന്യമാണെന്നു മാറിവരുന്ന സർക്കാരുകൾ ഏറ്റുപറഞ്ഞിട്ടും മാലിന്യ സംസ്കരണത്തിനു ഫലപ്രദമായ മാർഗങ്ങൾ ഇനിയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല.വികേന്ദ്രകൃതമാലിന്യസംസ്കരണണം ആശാവഹമാണെങ്കിലും ഇതിന്റെ പ്രായോഗികത ഇപ്പോഴും ചോദ്യചിഹ്നം.

മാലിന്യനിർമാർജനത്തിന് തുടക്കം കുറിച്ച്കൊണ്ട് പുത്തൻചിറ ഗ്രാമപഞ്ചായത്ത് നാട്ടിലെ എല്ലാവിഭാഗം ജനങ്ങളേയും സഹകരിപ്പിച്ച് കൊണ്ട് പ്ലസ്റ്റിക്ക്നിരോധന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.അതിന്റെ ആദ്യയോഗം നടന്ന് കഴിഞ്ഞു.തുടർന്നുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടന്ന് വരുന്നതുമാണ്.നമുക്ക് ഏറെ സന്തോഷിക്കാവുന്ന തീരുമാനം ആണ് ഇത്.എത്ര  നിരോധിച്ചാലും ഒറ്റയടിക്ക്  അവസാനിപ്പിക്കാവുന്ന ഒന്നല്ല  പ്ലാസ്റ്റിക്ക്. ഉൽപ്പാദന രംഗത്ത്  നിരോധിച്ചാൽ മാത്രമേ പ്ലാസ്റ്റിക്കിന്റെ  ഉപയോഗം അവസാനിക്കുകയുള്ളു.ഉപഭോക്താക്കൾ  ഉപയോഗിക്കാതിരുന്നാൽ കുറക്കാവുന്നതാണ് ഈ പ്രശ്നം.പകരം ഉപയോഗത്തിന് ബദൽ മാർഗങ്ങൾ കണ്ടെത്താൻ ഭരണാധികൾ തയ്യാറാവുകയും വേണം.പണ്ട്

എല്ലാം നമ്മുടെ പിതാമഹന്മാർ ഉപയോഗ വസ്കക്കൾ വാങ്ങുന്നതിന് തുണി സഞ്ചി പോലുള്ള വസ്തുക്കളാണ് കൊണ്ട് പോയിരുന്നത്.അന്ന് പ്ലാസ്റ്റിക്ക് എന്ന വാക്ക് കേൾക്കാൻ ഇടവന്നിട്ടുണ്ടായിരുന്നില്ല.ഈ വിഷയത്തിൽ  വിദ്യാർത്ഥികളായ നമ്മൾക്കും നമ്മുടെ കുടുംബാംഗങ്ങൾക്കും മാലിന്യനിർമാർജനത്തിനായി പഴമയിലേക്ക് നടക്കാം......

നസ്റിൻ ഫാത്തിമ

10.A

# ലഹരി വസ്തുക്കളുടെ ഉപയോഗവും മനുഷ്യന്റെ ആരോഗ്യവും

ലഹരി വസ്തുക്കളുടെ കാലപഴക്കം മനുഷ്യജന്മത്തോളം തന്നെ ഉള്ളത് ആണ്.മനുഷ്യരിൽ ഭൂരിപക്ഷത്തോളം വരുന്നവർ സുഖസംതൃപതിക്കായി ലഹരി ഉപയോഗിച്ച് വരുന്നവരാണ് എന്നാണ് കരുതേണ്ടത്.ഒരു വിഭാഗം ജനങ്ങൾ ആചാരനുഷ്ഠാനങ്ങളിലും മദ്യത്തിന്റെ പങ്ക് ഉൾപ്പൊടുത്തുന്നതിന്റെ ഭാഗമായും മദ്യത്തിന്റെ പ്രസക്തി കൂടിവരുന്നതായി റിപ്പോർട്ടുകളിൽ നിന്നും ബോധ്യപ്പെട്ട് കൊണ്ടിരിക്കുകയാണ്.അതിന്റെ ഉദാഹരണമാണ്

ഈ ഓണനാളിൽ 470 കോടി രൂപയുടെ മദ്യം മനുഷ്യർ ഉപയോഗിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു.കണക്ക് പ്രകാരം അത്രയെങ്കിൽ വ്യാജമായി ഉപയോഗിച്ച മദ്യത്തിന്റെ കണക്ക്

ഊഹിക്കാമല്ലോ....... മദ്യം ഉപയോഗിക്കുന്നവർ അതിന്റെ സുഖം ആസ്വദിക്കുമ്പോഴും അതിൽ ഒളിഞ്ഞിരിക്കുന്ന മാരകമായ വിപത്ത് അറിയുന്നില്ല.ഇവരിൽ പലരും ആരോഗ്യപരമായ നാശത്തിലാണ്.കൂടാതെ കുടുംബകലഹം ഒപ്പം വെറുക്കപ്പെടലിലൂടെ സാമൂഹ്യദ്രോഹിയായി മാറി അതോടെ നാടിനും വീടിനും ശാപമായി തീരുന്നു. ലഹരി ഉപേക്ഷിക്കുകയും ഞാനടക്കമുള്ള തലമുറ ലഹരി ഉപയോഗത്തിൽ നിന്ന് വിട്ട് നിൽക്കാൻ ശ്രമിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

ഫാരിസ്.ടി.എ

10.A

# Internet

ആധുനിക ലോകത്ത് ഇന്റർനെറ്റിന്റെ ഉപയോഗം വളരെ വ്യാപകമാണ്.ഇന്റർനെറ്റ് കൊണ്ട് മനുഷ്യ ർക്ക് ധാരാളം ഗുണങ്ങൾ ഉണ്ടെങ്കിൽ പോലും അതിനാൽ ഉള്ള ദോഷങ്ങളും ധാരാളമാണ്.

ഇന്റർനെറ്റ് ഉള്ളതുകൊണ്ട് ലോകവാർത്ത കൾ നമുക്ക് എളുപ്പം അറിയാൻ സാധിക്കുന്നു.ഓരോ നിമിഷത്തിലും നടക്കുന്ന കാര്യങ്ങൾ നമുക്ക് അപ്പോൾ തന്നെ അറിയാൻ സാധിക്കുന്നു.ഇന്റർനെറ്റിലൂടെ പരസ്യങ്ങൾ കാണുകയും അതന്വേഷിച്ച് പിന്നീട് ജോലി ലഭിക്കുന്നവരുമുണ്ട്.ഇന്റർനെറ്റിലൂടെ പലരീതിയിൽ ആളുകൾ ഇന്ന് പണം സമ്പാദിക്കുന്നു.പ്രളയകാലത്ത് നമ്മെ ഏറെ സഹായിച്ചത് ഇന്റർനെറ്റാണ്.Face book-ലൂടെയുള്ള പോസ്റ്റുകളുടെയും മറ്റും സഹായം കൊണ്ട് ഏറെ പേരെ രക്ഷിക്കാൻ കഴിഞ്ഞു.

ഇന്റർനെറ്റ് ശരിയായ രീതിയിൽ ഉപയോഗിച്ചില്ലെങ്കിലുള്ള ദോഷങ്ങൾ വളരെഇന്റർനെറ്റിലൂടെ വഞ്ചിക്കപ്പെടുന്നവർ ഏറെയാണ്.ഇന്റർനെറ്റിന് നമ്മെ മരണത്തിലേക്ക് നയിക്കാൻ സാധിക്കും. വളരെ അപകടകാരിയാണ് അത്.യഥാർത്ഥത്തിൽ,ഇന്റർനെറ്റ് ഒരു തീക്കളിയാണ്.

# വേരിൽ പിറന്ന സൗഹൃദം

നേരം പുലരുകയാണ്.സൂര്യന്റെ ഉദയച്ചൂട് മണ്ണിൽ വീഴുകയാണ്. കാതോർത്താൽ കേള്ക്കാം പക്ഷിക്കൂട്ടത്തിൻ ചിലക്കൽ.വൃക്ഷച്ചില്ലകളാൽ ആടിയുലഞ്ഞുണ്ടാകുന്ന ഇളം കാറ്റ് മെല്ലെ മീനുവിന്റെ മെയ്യിൽ തൊട്ടുണർത്തി. രാവിന്റെ വെളിച്ചത്തിലേക്ക് മീനു ഉണർന്നു . അമ്മയെ വിളിച്ചുകൊണ്ട് അവൾ അടുക്കളപ്പുരയിലേക്ക് ഓടി. അടുക്കളയിൽ വേഗത്തിൽ ജോലി ചെയ്യുകയാണ് അമ്മ. അമ്മയുടെ ജോലികളും അപ്പുറത്ത് ഒരുക്കി വച്ചിരുന്ന തന്റെ സ്കൂൾബാഗും കണ്ടപ്പോൾ അവളിൽ അതോർമ്മ വന്നു താൻ ഇന്നു മുതൽ എന്റെ രണ്ടാം ക്ലാസ് പഠനം ആരംഭിക്കാനായി തന്റെ അറിവിന്റെ വിദ്യാലയത്തിലെക്ക് പുറപ്പെടുകയാണ്. ആദ്യം ഒന്ന് മടിച്ചുവെങ്കിലും പിന്നീട് അവൾ അമ്മയുടെ ചില ഉണർത്തലുകളാൽ വിദ്യാലയത്തിലേക്ക് പോയി. പാതിവഴിയിൽ അവൾ അവളുടെ ആത്മാർഥസുഹൃത്ത് നീതുവിനെ കണ്ടു. നീതു നിനക്കറിയുമോ എന്റെ അമ്മ എന്നോട് പറഞ്ഞു വിദ്യാലയത്തിൽ നിന്ന് ധാരാളം പുതിയ കുട്ടികൾ ഉണ്ടാവുമെന്ന്. കുറേ അറിവുകൾ നമുക്ക് ലഭിക്കുമെന്ന്. എനിക്കറിയാം മീനു.തുടർന്നുള്ള യാത്രയിൽ അവൾ കഥകൾ പറഞ്ഞും പാട്ടുകൾ പാടിയും ആടിയും പാടിയും അങ്ങനെ വിദ്യാലയത്തിൽ എത്തി ചേർന്നു ദേ.....നോക്കു നീതു.....എത്ര കുട്ടികളാണ് അതെ. ഞാനോന്ന് നോക്കിയിട്ട് വരാമെന്ന് പറഞ്ഞ് അവൾ ഒരു കുട്ടിയുടെ അടുത്ത് ചെന്നു .പിന്നീട്അവൾ ആ കുട്ടിയുടെ ചിരിയും കളിയുമായി .പിന്നീട് നീതു മീനുവിനെ ഓർത്തതേയില്ല. മീനുവിൽ അത് വളരെ വിഷമം ഉണ്ടാക്കി .വിദ്യാലയത്തിലെ ബെഞ്ചുകളിൽ കൂട്ടുകാർ എല്ലാവരും ഒരുമിച്ചിരിക്കുമ്പോൾ സാധാരണ മീനുവും നീതുവും ഒരുമിച്ചാണ് ഇരിന്നിരുന്നത് എന്നാൽ നീതു മീനുവിനെ മറന്ന് ആ കുട്ടിയുടെ കൂടെ ഇരുന്നു .എന്തെന്നില്ലാത്ത വിഷമമായിരുന്നു മീനുവിന്റെ ഉള്ളുനിറയെ. ഒറ്റ ദിവസം കൊണ്ട്എന്റെ ആത്മ സുഹൃത്ത് എന്നെമറന്ന്മറ്റൊരു കുട്ടിയുമായി കൂട്ടുകൂടി കളിക്കുന്നു. പുതിയ കുട്ടികൾ വരുമെന്നു പറഞ്ഞപ്പോൾ ഞാൻ ഇത്രയുംപ്രതീക്ഷിച്ചില്ല.അമ്മപറഞ്ഞപ്പോൾ

ഞാൻ വളരെ സന്തോഷിച്ചു . ദിവസങ്ങൾ അങ്ങനെ നീതു മീനുവിനെ ഒഴിവാക്കി കടന്നു പോയി. ഒരു ദിവസം നീതുവിന്റെ സുഹൃത്ത് അവളുടെ മാലയുംം വളയും അവൾക്ക് കൊടുക്കാൻ പറഞ്ഞു. നീതു തന്റെ മാതാപിതാക്കളെ ഓർത്തു. ഇന്നലെ അല്ലെ എന്റെ അമ്മ എനിക്ക് വാങ്ങി തന്നത്. ഞാൻ ഇവൾക്ക് കൊടുക്കണോ............................. നീ നിന്റെ മാലയും വളയും എനിക്ക് തന്നില്ലെങ്കിൽ ഇനിനീയുമായി ഞാൻ കൂട്ട് കൂടില്ല . സുഹൃത്തിന്റെ വാക്കുകൾ നീതുവിൽ വേദന ഉണ്ടാക്കി . അവൾ മാലയും വളയും കൊടുക്കാൻ തയ്യാറാകാത്തതിനാൽ ആ കുട്ടി അവിടെ നിന്ന്
പിണങ്ങിപോയി. വേദനയോടെ നീതു നടന്നപ്പോൾ പഴയ രണ്ട് ചങ്ങാതിമാരുടെ സുഹൃത്തിന്റെ ഇരിപ്പിടമായ ആൽത്തറയിൽ ഇരിക്കുന്നുണ്ടായിരുന്നു മീനു. മീനുവിനെ കണ്ടതും നീതുവും, നീതുവിനെ കണ്ടതും മീനുവും തമ്മിൽ കെട്ടിപ്പിടിച്ച് കരഞ്ഞു. എന്തിനാ നീതു നീ എന്നെ ഒഴിവാക്കി ആ കുട്ടിയുടെ കൂടെ പോയത്. അവളുമായി നീ കൂട്ടുകൂടുന്നതിലൊന്നും എനിക്ക് പ്രശ്നമില്ല. പക്ഷെ നീ എന്നെ ഒഴിവാക്കിയതാണ്
എന്റെ വിഷമം . നീയാണ് എന്റെ ആത്മമിത്രം. നീ എന്റെ കൂടെയില്ലെങ്കിൽ ഞാനീ വിദ്യാലയത്തിൽ ഒറ്റപ്പെട്ടതായി തോന്നും. നീ ഇനി എന്നെ വിട്ടുപ്പോവല്ലെ നീതു............... രണ്ടു പേരിലും സ്നേഹവും സങ്കടവും വിതുമ്പി. ഇരുവരും പൊട്ടിക്കരഞ്ഞു. നീതുവിന്റെ വാക്കുകൾ , ലോകത്തിലെ സൃഷ്ടി ജാലങ്ങളിൽ വിലപ്പെട്ടതിൽ ഒന്നും ഭൂമിയിലെ സൗഭാഗ്യങ്ങൾ ലഭിച്ചതായി അവൾക്ക് അനുഭവപ്പെട്ടു. ഇതെല്ലാം കേൾക്കുകയും കാണുകയും ചെയ്ത അനു ടീച്ചർ അവരുടെ സൗഹൃദത്തിന് സാക്ഷിയായി.

<u>ഗുണപാഠം</u>

ജീവിതത്തിലെ ഒരു , സൗഭാഗ്യമാണ് സൗഹൃദം . മറ്റൊന്നിനെ കണ്ട് ഉപേക്ഷിച്ച് പോകേണ്ടതല്ല ആ സൗഭാഗ്യം.

ഗോപിക രവീന്ദ്രൻ

8.A

# നീയില്ലാ നേരം......

നീ നടക്കുമ്പോൾ നിന്നെ

നോക്കി നടക്കാൻ ഞാനുണ്ട്.

എന്നാൽ ഞാൻ നടക്കുമ്പോൾ എന്നെ

നോക്കി നടക്കാൻ കൂടെ നീയില്ല.

ആരുമില്ല എന്ന തോന്നൽ നീയില്ലാ

തായപ്പോഴാണ് എനിക്ക് തോന്നിയത്.

ഇത്രയും നാൾ എനിക്ക് കൂട്ടിയ്

നീ ഉണ്ടായിരുന്നു....

എന്നാൽ നീ എന്നെ വിട്ടുപോയതു

മുതൽ ഞാൻ തനിച്ചാണ്....

നീ തനിച്ചാണന്ന തോന്നൽ

നിനക്കുള്ളിൽ ഉണ്ടാവില്ല....

കാരണം നമ്മൾ വേർപിരിഞ്ഞതിൽ

നിനക്ക് ഒന്നുമില്ലല്ലോ...

നീ പോയാൽ തനിച്ചാകുന്നത്

ഞാനല്ല എന്റെ മനസ്സാണ്....

ഇത്രയും നാൾ നിന്നെ സ്നേഹിച്ച

എന്റെ മനസ്സാണ്....

നിന്നെ വെറുക്കുന്നു ഞാൻ....

പക്ഷേ അത് ഒരിക്കലും എന്റെ

മനസ്സുകൊണ്ട് ആയിരിക്കില്ല....

കാരണം അത്രയ്ക്ക് സ്നേഹിച്ചുപോയി...

ആർജിത.T.A

10.B

നിന്നെ ഞാൻ....

# അയലത്തെ ദുരന്തം

ഞാൻ താമസിക്കുന്നത് ഒരു ഗ്രാമത്തിലാണ്.അവിടെ ധാരാളം ആളുകൾ താമസിക്കുന്നുണ്ട്.അതിൽ ഭൂരിഭാഗവും മദ്യപാനികളാണ്.എന്റെ അയലത്തെ വീട്ടിലെ കാര്യമാണ്ഇത്.ആ വീട്ടിൽ വേണു എന്നു പറയുന്ന ആളും ആളുടെ ഭാര്യ ശശികലയുമായിരുന്നു പിന്നെ അവരുടെ മക്കളും .

വേണു ഒരു മുഴുമദ്യപാനിയായിരുന്നു.രാത്രി വീട്ടിൽ വരുമ്പോൾ ഭാര്യയെ തല്ലുമായിരുന്നു.പിന്നെ വേണുവിന്റെ അമ്മയുണ്ട് വീട്ടിൽ.അമ്മ ശശികലയുമായി വഴക്കുണ്ടാക്കും.അത് വേണു കണ്ടുവരുമ്പോൾ അത് കൂടുതൽ പ്രശ്നമുണ്ടാക്കും.വീട്ടിലെ പ്രശ്നവും തന്റെ ജീവിതവും വേണുവിനെ ആകെ ഭ്രാന്ത് പിടിപ്പിച്ചു.പക്ഷേ വേണു മദ്യപിച്ചില്ലെങ്കിൽ വെറും പാവമാണ്.കടത്തിലാണെങ്കിലും വീടിന്റെ ആവശ്യത്തിന് സാധനങ്ങൾ വാങ്ങികൊടുക്കുമായിരുന്നു.കുറേ നാളുകൾക്ക് ശേഷം ജീവിതഭാരവും കൂടി മദ്യപാനവും കൂടി ഒരു ദിവസം വേണുവിന്റെ വായയിൽ നിന്നും ചോര വന്നു.വേണു ആശുപത്രിയിൽ പോയി ടെസ്റ്റ് ചെയ്തപ്പോൾ ഇത് വലിയ

രോഗമാണ്,എപ്പോൾ വേണമെങ്കിലും മരിക്കാം.ഇതു കേട്ട വേണു തന്നെ ചികിത്സിക്കാൻ പൈസ തന്റെ കയ്യിൽ ഇല്ല കുടുംബത്തിന്റെ ഭാരം

കൂടുകയുള്ളൂ.അതു കൊണ്ട് വേണു ഒരു തീരുമാനം

എടുത്തു.കൈയിൽ വിഷവുമായി പാടത്തിന്റെ ഒരു വക്കിൽ

നിന്നും ജീവൻ ഒടുക്കാൻ തീരുമാനിച്ചു.കുറച്ച് നേരം

കഴിഞ്ഞപ്പോൾ ആ വഴി പോയ ആളുകൾ കണ്ടു,ഒരാൾ

അവിടെ കിടക്കുന്നത്.ആശുപത്രിയിൽ എത്തിക്കും മുൻപ്

അയാൾ മരിച്ചു.പിന്നെ ആ കുടുംബം ഒരു വകയുമില്ലാതെ ഒരു നേരത്തെ ആഹാരം പോലും കിട്ടാതെ

ജീവിക്കേണ്ടിവന്നു.മദ്യപാനം അവസാനം

കൊണ്ട്പോകുന്നത് മരണത്തിലേക്കാണ്.നമ്മൾ നമ്മളെ കുറിച്ച് ആലോചിച്ചിലെങ്കിലും നമുക്ക് വേണ്ടി

ജീവിക്കുന്നവരെ ഓർക്കണം.

ഐശ്വര്യ.സി.എസ്

10.B

# സൗഹൃദം

സൗഹൃദം എന്ന മൂന്ന് അക്ഷരത്തിൽ
ചിരിയിലും കളിയിലും സങ്കടനിമിഷത്തിലും
ഒന്നായി നിൽക്കുന്ന കൂട്ടുകെട്ട്
ചങ്ക് അല്ല ചങ്കിടിപ്പാണ് നീ
എന്ന് ഓതിടുന്നു പലനാൾ
എന്നാലും പിരിയാതെൻ
നിഴലുപോൽ ചേർന്നിടും സൗഹൃദം
കുന്നോളം സ്നേഹത്തിൽ
മധുരമായ് തീർന്നിടും കൂട്ടുകാർ......

യാരാ അശ്റഫ്
10.B

# ശ്രീ നാരായണഗുരു

കേരളത്തിന്റെ ചരിത്രപരമായ മുന്നേറ്റങ്ങൾക്കും സാമൂഹികമായ ഉണർവിനും പ്രചോദനം നൽകിയ മഹാനും ഉന്നതനുമായ വ്യക്തിയാണ് ശ്രീനാരായണഗുരു . ലളിത ജീവിതം നയിക്കുകയും ചിന്തയുടെ അത്യുന്നത തലങ്ങളിൽ വിഹരിക്കുകയും ചെയ്ത ഇന മഹാത്മാവ് മനസ്സിൽ ഊറിക്കൂടിയ ആശയങ്ങൾ സമൂഹനന്മക്കായി പ്രയോജനപ്പെടുത്തി .

ഒരു സാധാരണ കർഷക ഭവനത്തിൽ ജനിച്ചു നാണു എന്ന ഈ ബാലനാണ് ശ്രീനാരായണഗുരുവായി വളർ ന്നത്.

ആദ്യമായ ജ്ഞാനസമ്പാദന ശ്രമവും, സത്യാന്വേഷണ വ്യഗ്രതയ ുും

തപസ്സും, സഞ്ചാരവും കൊണ്ട് നേടിയ അറിവും ലോകനന്മയ്ക്കായി ആ മഹാത്മാവ് പ്രയോജനപ്പെടുത്തി . സ്വാതന്ത്ര്യത്തിന്റെയും കാര്യത്തിൽ ഇരുട്ടിൽ കഴിഞ്ഞിരുന്ന ഒരു തലമുറ കേരളനാട്ടിൽ ഉണ്ടായിരുന്നു . ജാതിമേധാവികൾ അവരെ അടിച്ചമർത്തിയിരുന്നു . അടിമത്തത്തിൽ നിന്ന് അവരെ മോചിപ്പിക്കാൻ ശ്രമിച്ച ആത്മീയനേതാവാണ് ശ്രീനാരായണഗുരു .

അമൃത.എം.എസ്

**10.A**

# അപ്പുവിന്റെ കളിപ്പാട്ടം

ഒരിക്കൽ ഒരിടത്ത് അപ്പു എന്ന പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു.അവന്റെ കൈവശം ഒത്തിരി കളിപ്പാട്ടങ്ങൾ ഉണ്ട്.കളി കഴിഞ്ഞാൽ കളിപ്പാട്ടങ്ങൾ ഒരിടത്ത് അടക്കി വെക്കണമെന്ന് അവന്റെ അമ്മ അവനോട് പറഞ്ഞിട്ടുണ്ട്. പക്ഷേ, അപ്പു അത് കേൾക്കാറേയില്ല.അങ്ങനെയിരിക്കെ ഒരു ദിവസം അച്ഛൻ അവന് ഒരു ചുവന്ന ടോയ്ക്കാർ വാങ്ങിക്കൊടുത്തു.കീ കൊടുത്താൽ ഓടുന്ന ആ കാർ അപ്പുവിന് ഒത്തിരി ഇഷ്ടമായി.അവൻ കുറെ നേരം കളിച്ചു കഴിഞ്ഞ് കാർ അലസമായി അവിടെയിട്ട് മറ്റു വിനോദങ്ങളിൽ ഏർപ്പെടാൻ പോയി.ശേഷം വീണ്ടും കളിക്കാൻ വരുന്നതിനിടെ അപ്പു വഴിയിൽ കിടന്ന ടോയികാർ ചവിട്ടി.അതോടെ കാറിന്റെചക്രം ഇളകിപ്പോയി.അപ്പുവിന് സങ്കടം വന്നു.അമ്മ പറഞ്ഞതു കേൾക്കാത്തതിനാലാണ് അവന്

ഇങ്ങനെ സംഭവിച്ചത്.ഇനി കളിപ്പട്ടങ്ങൾ വാരി വലിച്ചെട്ടകയില്ല എന്ന അച്ഛനം അമ്മയ്ക്കും ഉറപ്പ നൽകി.അപ്പോൾ അച്ഛൻ ശരിയാക്കി തരാമെന്ന് സമ്മതിച്ച.അപ്പവിന് സന്തോഷമായി.അതോടെ അപ്പ കളിപ്പാട്ടങ്ങൾ അടക്കി വെയ്ക്കാനം തുടങ്ങി.മാതാപിതാക്കളുടെ വാക്ക് അനസരിച്ച് അപ്പമോൻ നല്ല കുട്ടിയായി വളർന്ന.തന്റെ നന്മയ്ക്ക വേണ്ടിയാണ് അവർ ഓരോ കാര്യവും പറയുന്നത് എന്ന ബോധ്യം അവനിലുണ്ടായിരുന്ന.

ആർദ്ര.കെ.എം

10.B

# കൃഷിക്കാരനും മക്കളും

ഒരു നാട്ടിൽ ഒരു ധനികനായ കൃഷിക്കാരൻ താമസിച്ചിരുന്നു. അദ്ദേഹത്തിന് മൂന്ന് മക്കൾ ഉണ്ടായിരുന്നു. കൃഷിക്കാരന് തന്റെ ജീവിതം അവസാനിക്കാൻ പോകുന്നു എന്ന് മനസ്സിലായി. അത്കൊണ്ട് അദ്ദേഹം തന്റെ മൂന്ന് മക്കളെ അരികിൽ വിളിച്ച് പറഞ്ഞു"നമ്മുക്ക് തലമുറകളായി കിട്ടിയ സ്ഥലമാണ് ഇത് ഈ സ്ഥലത്ത് നിധിയുണ്ട്''. അധികം താമസിയാതെ മക്കൾ നിധി കണ്ടെത്തുവാൻ വയലെല്ലാം കിളച്ച് ആ സ്ഥലത്ത് ധാന്യങ്ങൾ വിതച്ചു. വിളവെടുപ്പ് കഴിഞ്ഞപ്പോൾ ലാഭം അവർ ഉദ്ദേശിച്ചതിനേക്കാൾ കൂടുതൽ ലഭിച്ചു. അങ്ങനെ അവർ ആ നാട്ടിലെ ധനികരായി. അപ്പോഴാണ് അവർ അച്ഛൻ പറഞ്ഞത് ഓർത്തത. അങ്ങനെ ആ കൃഷി സ്ഥലത്ത് തന്നെ നിധി കണ്ടെത്തുവാൻ അവർക്ക് സാധിച്ചു.

അൻവർ യൂസഫ്

# നിൻ നിഴലായ് ഞാനും

നിൻ ഓരാത്രിയിലെരോ ചുവടിലും
കൂട്ടായി ഞാനുമുണ്ട്
കണ്ടിട്ടും നീയെന്നെ കാണാതെയുള്ള
നിൽപ്പും ഭാവവും ആര് കണ്ടില്ലെങ്കിലും
ആദ്യം ഞാൻ കാണും
നിനക്ക് നിന്നോട് ദേഷ്യമുണ്ടെങ്കിലും
നി എന്നോട് തീർക്കും
നി നിന്റെ ഓരോ ചലനവും
നിന്റെ കൂടെ ഞാനും അനുകരിക്കാം
നീ പോവും ദൂരം നിൻ നിഴലായി
എന്നും ഞാൻ നിൻ നിൻകൂടെയുണ്ട്

അവീന ബാലചന്ദ്രൻ

10.B

# സന്ദേശം

ഒരു മുത്തശ്ശിക്ക് രണ്ടു കുടങ്ങളുണ്ടായിരുന്നു. അതിൽ ഒരാൾ ചോർന്നൊലിക്കുന്ന മൺകുടവും മറ്റൊന്ന് ചോർച്ചയില്ലാത്ത സ്റ്റീൽകുടവും ഒരു ദിവസം രണ്ടുകുടങ്ങളുംതമ്മിൽ വലിയ ഒരു തർക്കത്തിൽ ആയി. മുത്തശ്ശിക്ക് ഏറ്റവും ഇഷ്ട്പെട്ടത് ആരെന്നാണ് ഒടുവിൽ മുത്തശ്ശിയോട് ചോദിച്ചപ്പോൾ മുത്തശ്ശി പറഞ്ഞു എനിക്ക് മൺകുടത്തെ ആണ് ഇഷ്ട്മെന്ന് അപ്പോൾ സ്റ്റീൽകുടം പറഞ്ഞു ഞാനല്ലെ മുത്തശ്ശിക്ക് മുഴുവൻ വെള്ളവും എത്തിക്കുന്ന ആൾ . അവൻ ചോർന്ന് കളഞ്ഞിട്ട് ഇവിടെ എത്തുമ്പോൾ പകുതിയല്ലേ കിട്ടുന്നത് . മുത്തശ്ശി പറഞ്ഞു നീ എന്റെ കാലുകളിലേക്ക് നോക്ക് നീയിരിക്കുന്ന ഭാഗത്തെ എന്റെ കാലുകണ്ടോ ചൂടുമണ്ണിലൂടെ നടന്ന് പൊള്ളി പൊട്ടിയിരിക്കുന്നു. മൺകുടമിരിക്കുന്ന ഭാഗത്തേക്ക് നോക്ക് കാലുകൾ നല്ല മൃദുലമായി ഇരിക്കുന്നു . ആ വഴിയിലേക്ക് നോക്ക് അവിടെ അവൻ ആ പുല്ലുകൾ ക്ക് വെള്ളം കൊടുക്കുന്നു. അവിടെ പൂക്കളുണ്ടാകുന്നു പൂമ്പാറ്റകൾ വരുന്നു. നീ നിന്റെ കാര്യം മാത്രം

നോക്കുന്നു അവനോ അവനു ചുറ്റുമുള്ള എല്ലാവരേയും നോക്കുന്നു സഹായിക്കുന്നു. അവന്റെ ആ സഹജീവികളെ സ്നേഹിക്കുന്ന മനസ്സിനെയാണ് ഞാൻ സ്നേഹിക്കുന്നത്.

നൗഫിയ. എം. എൻ

10.B

# വിട്ട് പിരിയാത്ത സ്നേഹം

ഒരു നാട്ടിൽ മീനുവും മനുവും എന്ന് പേരുള്ള രണ്ട് കുട്ടികൾ താമസിച്ചിരുന്നു . അവരുടെ അമ്മയും അച്ഛനും നേരത്തെ മരിച്ചുപോയി.അതുകൊണ്ട് തന്നെ അവരെ വളർത്തിയിരിക്കുന്നത് അവരുടെ അച്ഛമ്മയാണ്. മാതാപിതാക്കളിൽ നിന്ന് കിട്ടുന്ന സ്നേഹം എന്താണെന്ന് പോലും ഇവർ അറിഞ്ഞിട്ടില്ല.ഇവർക്ക് രണ്ട് പേർക്കും ജീവൻ കൊടുത്ത അച്ഛനും അമ്മയും ഒരു ആക്സിഡന്റിൽ മരിച്ചു.അച്ഛമ്മയാണെങ്കിൽ ഇവരെ പൊന്നുപോലെയാണ് വളർത്തിയത്.ഒരു ബുദ്ധിമുട്ട് എന്താണെന്ന് അച്ഛമ്മ അവരെ അറിയിച്ചിട്ടില്ല.അത് കൊണ്ട് മുനുവിനും മനുവിനും അച്ഛമ്മയെ വളരെ ഇഷ്ട്മാണ്. ഒരു ചെറിയ വീട്ടിലാണ് അവർ മൂന്ന് പേരും താമസിച്ചിരുന്നത്.മനുവിന്റെയും മീനുവിന്റെയും മാതാപിതാക്കൾ മരിച്ചതോടെ ഇവരെ ആർക്കും ഇഷ്ടമല്ലാതായി. അച്ഛമ്മ മാത്രമേ അവർക്ക്

സ്വന്തം എന്ന് പറയാനുള്ള.ഇവരുടെ സ്കൂൾ ചെലവുകളും മറ്റ് ചെലവുകളും നോക്കുയിരുന്നത് അച്ഛമ്മയാണ് തന്നെയാണ്.തൊഴിലുറപ്പിൽ നിന്ന് കിട്ടുന്ന ഒരു ചെറിയ സമ്പാദ്യം മാത്രം കൊണ്ടാണ്
ഇവരെ രണ്ട് പേരെയും അച്ഛമ്മ വളർത്തിയിരുന്നത്.അങ്ങനെ അവർ രണ്ട് പേരും വളർന്ന് വലുതായി കല്ല്യാണ പ്രായമായി.മീനുവിന് കല്ല്യാണം തിരക്കി ധാരാളം പേർ ആ വീട് കയറിയിറങ്ങി.പക്ഷേ അച്ഛമ്മ അതിനൊട്ടും തയ്യാറായില്ല.കാരണം അവളെ പിരിഞ്ഞ് ഒരും നിമിഷം പോലും നിൽക്കാൻ അച്ഛമ്മയ്ക്കും അതുപോലെ
തന്നെ മീനുവിനും കഴിയില്ല.അവസാനം നാട്ടുക്കാർ എല്ലാവരും അച്ഛമ്മയെയും മീനുവിനെയും കാര്യങ്ങൾ എല്ലാം പറഞ്ഞു മനസിലാക്കി.അച്ഛമ്മ എന്നിട്ട് മീനുവിന്റെ കല്യാണത്തിന് തയ്യാറായി.നാട്ടുക്കാർ എല്ലാവരും ഒത്തുകൂടി അവസാനം മീനുവിന്റെ കല്യാണം ഗംഭീരമായി നടത്തി.അച്ഛമ്മയ്ക്ക് അതെല്ലാം വളരെ സന്തോഷമായി തോന്നി.പക്ഷേ മനസു മുഴുവൻ

*വിഷമമാണ്,മീനുവിന്റെ കാര്യം ഓർത്തിട്ട്.*
*കല്യാണത്തിനു ശേഷം മീനു അച്ഛമ്മയുടെ അടുത്ത്*
*നിൽക്കാൻ ചെന്നു. അച്ഛമ്മയ്ക്ക് വളരെ*
*സന്തോഷമായി.അങ്ങനെ അവർ എല്ലാവരും ആ*
*കൊച്ചു വീട്ടിൽ സന്തോഷത്തോടെ താമസിച്ചു.*

*ഐശ ഷെറിൻ.എ.എ*

*8.A*

# ജീവിതം

എത്രയോ നിസ്സാരം ഈ ഇലതൻ ജീവിതം...
അത്രതൻ ദീർഘമീ മനുഷ്യ ജന്മം...
ഭ്രൂണം വിരിഞ്ഞ് ഇലയായ് മാറി
തൈയായ് കൊമ്പായ് ചില്ലയായ്
കാറ്റിനോടും മഴയോടും മത്സരിച്ച്
വിണ്ണിനെ ചുംബിക്കാൻ തുനിഞ്ഞിറങ്ങി
ഇത്രമേൽ വളർന്നിട്ടും എന്തേ-
നിനക്കിത്രയും മോഹങ്ങൾ ബാക്കി-
നിൽപ്പൂ
ശീതകാലമെത്തി നിൻ മുന്നിൽ...
മരണമെത്തി നിൻ മുന്നിൽ...
എത്രയോ നിസ്സാരമീ ഇലതൻ ജീവിതം...
അത്രതൻ ദീർഘമീ മനുഷ്യ ജന്മം...

ഫാത്തിമ സമീന

**10.A**

# കണ്ണുനീർ

ഒരു തുള്ളി ഞാൻ പോഴിഞ്ഞീട്ടുന്നിതാ
എന്റെ മനസ്സെന്ന കണ്ണാടി നോക്കി
അവിടെ ഞാനും എന്റെ വേദനയെയോർത്ത്
ഒളിഞ്ഞിരുന്നൊറ്റക്കു തേങ്ങി
അവിടെന്റെ വേദക്കളെല്ലാരു കാരണം
അമ്മയും അച്ഛനും അനിയനുമാ
അമ്മതൻ സ്നേഹവും അച്ഛന്റെ മുത്തവും
അനിയന്റെ കുസൃതിയും വിടവാങ്ങിപോയ്
അവരൊരുമിച്ചങ്ങു സ്വർഗത്തിലേക്കുപോയ്
ഞാൻ മാത്രമിങ്ങനെ ഒറ്റയായി
ഒരു തുള്ളി ഞാൻ പൊഴിച്ചീട്ടുന്നിതാ
എന്റെ മനസ്സെന്ന കണ്ണാടി നോക്കി ......

അന്ന പ്രിയ ഉണ്ണികൃഷ്ണൻ. വി. യു

# ശൂന്യമായ ചോദ്യപേപ്പർ

ഒരു ദിവസം ആ ടീച്ചർ ക്ലാസിലേക്ക് കടന്നു വന്നു. ശേഷം കുട്ടികളോട് ഒരു പരീക്ഷക്കായി തയ്യാറെടുക്കാൻ പറഞ്ഞു." എല്ലാവരും പരീക്ഷ എഴുതാനുള്ള പേപ്പറുകൾ എടുത്ത് തയ്യാറാവുക" ടീച്ചർ ആവശ്യപ്പെട്ടു. കുട്ടികളെല്ലാവരും അത് അനുസരിച്ചു. ശേഷം എല്ലാവരും പേപ്പർ എടുത്ത് പരീക്ഷക്കായി കാത്തിരുന്നു. ടീച്ചർ കുട്ടികൾക്ക് ചോദ്യ പേപ്പർ നൽകി. ഒരു നിമിഷം പേപ്പറിലൂടെ കണ്ണോടിച്ച കുട്ടികൾ എന്തെന്നറിയാതെ ടീച്ചറുടെ മുഖത്തേക്ക് നോക്കി. കാരണം ആ ചോദ്യ പേപ്പർ ശൂന്യമായിരുന്നു. കുട്ടികൾ ടീച്ചറോട് ചോദിച്ചു" ഇതിലെ ചോദ്യങ്ങൾ എവിടെ?" ടീച്ചർ ഉത്തരം പറഞ്ഞു "ഇതിൽ എന്താണ് ഉള്ളത് അതിനെ കുറിച്ചാണ് നിങ്ങൾ വിശദീകരിക്കേണ്ടത്". എന്നാൽ ആ ചോദ്യ പേപ്പറിൽ ഒരു കറുത്ത കുത്ത് മാത്രമേ ഉണ്ടായിരുന്നുള്ളൂ . എല്ലാവരും പരീക്ഷ എഴുതി തുടങ്ങി. ക്ലാസിന്റെ അവസാനമാവാറായപ്പോൾ ടീച്ചർ ഉത്തര പേപ്പറുകൾ വാങ്ങി. എന്നിട്ട് അത് ഉറക്കെ വായിക്കാൻ തുടങ്ങി. എല്ലാവരും ആ ബിന്ദുവിനെ കുറിച്ച് വിവരിച്ചിരുന്നു. അതായത് ആ ബിന്ദു പേപ്പറിന്റെ നടുവിലാണ്, അത് തീരെചെറുതാണ്... എന്നിങ്ങനെ. എന്നാൽ

ടീച്ചർ പറഞ്ഞു" ഇതൊന്നും എന്നെ തൃപ്തിപ്പെടുത്തുന്ന ഉത്തരങ്ങളല്ല" അല്പ നേരം നിശബ്ദയായി ഇരുന്ന ശേഷം ടീച്ചർ കുട്ടികളോട് ചോദിച്ചു "നിങ്ങളോട് ഞാൻ പറഞ്ഞത് ആ ചോദ്യപേപ്പറിൽ എന്താണോ ഉള്ളത് അതിനെ ക്കുറിച്ച് വിശദികരിക്കാനാണ് നിങ്ങൾ ആ കറുത്ത ബിന്ദുവിനെ കുറിച്ച് മാത്രമാണ് എഴുതിയിരിക്കുന്നത്.എന്നാൽ ചോദ്യ പേപ്പറിലെ വെളുത്ത ഭാഗത്തെ ക്കുറിച്ച് ആരും എഴുതിയിട്ടില്ല." ശേഷംടീച്ചർ പറഞ്ഞു "ഇതു പോലെ തന്നെയാണ് നമ്മുടെ ജീവിതവും നമുക്ക് ദൈവം ഒരുപാട് സന്തോഷങ്ങളും  ആരോഗ്യവും എല്ലാം തന്നട്ടുണ്ടാകും.ഇവയ്ക്ക് പുറമെ നല്ല കൂട്ടുക്കാർ,മാതാപിതാക്കൾ എന്നെല്ലാം.എന്നാൽ നാം ചിന്തിക്കുന്നത് ആ കറുത്ത കുത്തിനെ കുറിച്ചുമാത്രമായിരിക്കും.ഇല്ലാത്തതെ കുറിച്ചു വിഷമിക്കാതെ ഉള്ളതിനെ കുറിച്ച് ആലോചിച്ച് സന്തോഷിക്കുക." ഇത്രയും പറഞ്ഞുകൊണ്ട് ടീച്ചർ നിർത്തി.കുട്ടികളെല്ലാവരും കയ്യടിച്ചു.ഇത്രയും ഉള്ളൂ ജീവിതം ആകറുത്ത കുത്തിനെയല്ലാ ആ വെളുത്തകുത്തിനെ ആലോചിക്കുക.കാരണം ആ ബിന്ദു വളരെചെറുതാണ്.

മെഹറുന്നിസ.എം.എ

9.C